**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1365** **04-07-2022 - ൽ മറുപടിയ്ക്ക്**

**അടച്ചുപൂട്ടുന്ന എം.ജി.എൽ.സി സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ എത്ര എം.ജി.എൽ.സി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള എല്ലാ എം.ജി.എൽ.സികളും അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ബഹു.ഹൈക്കോടതിയുടെ ഉത്തരവുകൾ പ്രകാരം ഇതിൽ 6 എണ്ണം നിലനിൽക്കുന്നു. അപ്രകാരം നിലവിൽ പ്രവർത്തിക്കുന്ന എം.ജി.എൽ.സികളുടെ വിവരം മണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.<br><br>വണ്ടൂർനിയോജകമണ്ഡലം-അരിമണൽ, മഞ്ഞൾപ്പാറ<br><br>ഏറനാട് മണ്ഡലം- അരിമംഗലം, മേൽമുറി<br><br>മഞ്ചേരി മണ്ഡലം- തരിക്കുളം<br><br>താനൂർ നിയോജക മണ്ഡലം- കാളംതിരുത്തി |
| (ബി) | പ്രസ്തുത സ്കൂളുകളിൽ ഏതെല്ലാം ക്ലാസ്സുകൾ ഉണ്ടെന്നും എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും മണ്ഡലാടിസ്ഥാനത്തിൽ സ്കൂളുകളുടെ പേര് സഹിതം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത എം.ജി.എൽ.സികൾക്കെല്ലാം സ്വന്തമായി കെട്ടിടം ഉണ്ട്. അവിടങ്ങളിൽ ഒന്നുമുതൽ നാലുവരെ ക്ലാസുകളിൽ കുട്ടികൾ പഠിക്കുന്നു. ഈ എം.ജി.എൽ.സി.കളുടെ പേര: (മണ്ഡലാടിസ്ഥാനത്തിൽ) പഠിക്കുന്ന കുട്ടികളുടെ എണ്ണവും ചുവടെ ചേർക്കുന്നു.<br><br>വണ്ടൂർ നിയോജക മണ്ഡലം-അരിമണൽ-97, മഞ്ഞൾപ്പാറ-75<br><br>ഏറനാട് മണ്ഡലം- അരിമംഗലം-128,മേൽമുറി-68<br><br>മഞ്ചേരി മണ്ഡലം- തരിക്കുളം-105 |

| | | | |
|---|---|---|---|
| | | | താനൂർ നിയോജക മണ്ഡലം-<br>കാളംതിരുത്തി-63 |
| (സി) | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എം.ജി.എൽ.സി സ്കൂളുകളുടെ പേരുവിവരം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത എം.ജി.എൽ.സികൾക്കെല്ലാം സ്വന്തമായി കെട്ടിടം ഉണ്ട്. അവിടങ്ങളിൽ ഒന്നുമുതൽ നാലുവരെ ക്ലാസുകളിൽ കുട്ടികൾ പഠിക്കുന്നു. ഈ എം.ജി.എൽ.സി.കളുടെ പേരു (മണ്ഡലാടിസ്ഥാനത്തിൽ) പഠിക്കുന്ന കുട്ടികളുടെ എണ്ണവും ചുവടെ ചേർക്കുന്നു.<br><br>വണ്ടൂർ നിയോജക മണ്ഡലം-അരിമണൽ-97, മഞ്ഞൾപ്പാറ-75<br><br>ഏറനാട് മണ്ഡലം- അരിമംഗലം-128മേൽമുറി-68<br><br>മഞ്ചേരി മണ്ഡലം- തരിക്കുളം-105<br><br>താനൂർ നിയോജക മണ്ഡലം-<br>കാളംതിരുത്തി-63 |
| (ഡി) | എം.ജി.എൽ.സി സ്കൂളുകൾ അടച്ചുപൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ അതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | തീരുമാനിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | എം.ജി.എൽ.സി സ്കൂളുകളിൽ ഏതെങ്കിലും അടച്ചുപൂട്ടിയിട്ടുണ്ടെങ്കിൽ അവിടെ പഠിച്ചിരുന്ന കുട്ടികളുടെ തുടർവിദ്യാഭ്യാസത്തിന്റെയും, ജോലി ചെയ്തിരുന്ന അധ്യാപകരുടെ തുടർസേവനത്തിന്റെയും കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ഇ) | എം.ജി.എൽ.സികൾ അടച്ചുപൂട്ടിയതുമായി ബന്ധപ്പെട്ട് അവിടങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികൾക്ക് പ്രാദേശിക ഭരണകൂടത്തിന്റെയും എസ്.എസ്.കെ യുടെയും സഹകരണത്തോടെ വാഹന സൗകര്യം ഏർപ്പെടുത്തി തൊട്ടടുത്തുള്ള പൊതുവിദ്യാലയങ്ങളിൽ എത്തിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. വിദ്യാവോളണ്ടിയർമാർക്ക് പൊതുവിദ്യാഭ്യാസവകുപ്പിൽ നിലവിലുള്ള പി.റ്റി.സി.എം/എഫ്.റ്റി.എം. തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. |
| (എഫ്) | എം.ജി.എൽ.സി സ്കൂളുകൾ അടച്ചുപൂട്ടുന്നപക്ഷം,എം.എൽ.എ ആസ്തി വികസന ഫണ്ടും, മറ്റ് സർക്കാർ ഫണ്ടും ഉപയോഗിച്ച് നിർമ്മിച്ച പ്രസ്തുത സ്കൂളുകളുടെ കെട്ടിടങ്ങൾ ഭാവിയിൽ ഏത് ആവശ്യത്തിന് | (എഫ്) | ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ഉപയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസം-എം.ജി.എൽ.സി-കളിലെ വിദ്യ വോളന്റീയർമാരെ പൊതുവിദ്യാഭ്യാസ വകുപ്പിൽ PTCM/ FTM ആയി നിയമിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(കൈ) നം.13/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 13/01/2022

പരാമർശം:-
1. സർക്കാർ ഉത്തരവ് (അച്ചടി) നം.31/2018/ ധന തീയതി 3/3/2018
2. സർക്കാർ ഉത്തരവ് (കൈ ) നം 57/2021/ പൊ.വി.വ തീയതി 12/02/2021
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10/8/2021, 23/9/2021, 13/12/2021 എന്നീ തീയതികളിലെ എൻ .ഇ പി (1) 226343/ 2021 ഡി.ജി.ഇ നമ്പർ കത്തുകൾ

## ഉത്തരവ്

സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ (മൾട്ടി ഗ്രേഡ് ലേർണിംഗ് സെന്റേഴ്സ് (എം.ജി എൽ സി )) നിലവിലെ സ്ഥിതി സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമഗ്രമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. സർക്കാർ ഈ റിപ്പോർട്ട് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിർത്തലാക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ നിലവിൽ 10 വർഷത്തിലധികമായി കരാറടിസ്ഥാനത്തിൽ തുടരുന്ന വിദ്യാവോളന്റീയർമാരിൽ നിന്നും അവരുടെ താത്പര്യപത്രത്തിന്റെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുള്ളതോ ഉണ്ടാകുന്നതോ ആയ PTCM/ FTM ഒഴിവുകളിൽ നിയമിക്കുന്നതിന് അനുവാദം നൽകി പരാർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ചില കാര്യങ്ങളിൽ അനുമതിയും വ്യക്തതയും ആവശ്യപ്പെട്ടിരുന്നു.

തുടർന്ന് സർക്കാർ ഈ വിഷയം വീണ്ടും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എം.ജി എൽ സി കളിൽ വിദ്യ വോളന്റീയർമാരായി ജോലി ചെയ്യുന്ന 344 പേരെ, അവർക്ക് ആദ്യ നിയമനം നൽകിയ സീനിയോറിറ്റിയും അവരുടെ സമ്മതവും പരിഗണിച്ച്, ചുവടെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ PTCM/FTM ആയി നിയമിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

i) പരാമർശം (1) ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തുന്ന തീയതി മുതൽ മാത്രമേ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. അതിനു മുൻപ് കരാർ പ്രകാരമുള്ള സർവീസ്, പെൻഷൻ ഉൾപ്പെടെയുള്ള യാതൊരാനുകൂല്യങ്ങൾക്കും പരിഗണിക്കുകയില്ല. ആയത് സംബന്ധിച്ച് സ്ഥിരപ്പെടുത്തുന്ന എല്ലാവരിൽ നിന്നും നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ സത്യവാങ്മൂലം 100 രൂപയിൽ കുറയാത്ത മുദ്രപ്പത്രത്തിൽ വാങ്ങേണ്ടതാണ് . പ്രസ്തുത സത്യവാങ്മൂലം സമർപ്പിക്കാത്തവരെ സ്ഥിരപ്പെടുത്തുവാൻ പാടില്ല.

ii) നിലവിലുള്ള PTCM/ FTM കാരുടെ ജൂനിയർ ആയാണ് ഇവർ നിയമിക്കപ്പെടുന്നത് എന്നുള്ള കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

iii) ഇങ്ങനെ നിയമിക്കപ്പെടുന്നവരുടെ സീനിയോറിറ്റി, അവർ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ ജോലിക്കു ചേർന്ന ദിവസത്തെ അടിസ്ഥാനമാക്കി വേണം നിശ്ചയിക്കേണ്ടത്.

iv) ഇവരുടെ ശമ്പള സ്കെയിലും ആനുകൂല്യങ്ങളും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പൊതു സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും.

v) ഒരിക്കൽ FTM ആയി സമ്മത പത്രം നൽകി ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ PTCM ആകാൻ അനുവദിക്കുന്നതല്ല.

vi) നിലവിലെ ഒഴിവുകളിൽ മാത്രമേ ഇവരെ നിയമിക്കാവൂ. ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം .
എല്ലാ ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്/എ&ഇ) കേരള ,തിരുവനന്തപുരം
പൊതുഭരണ ( എസ് .സി ) വകുപ്പ് ( 12/01/2022 ലെ ഇനം 499 പ്രകാരം )
ധനകാര്യ വകുപ്പ് ( ഫയൽ നമ്പർ Edn -A2/154/2019-FIN പ്രകാരം )
നിയമവകുപ്പ് (ഫയൽ നമ്പർ 06/നി .സെ/2022/നിയമം പ്രകാരം )
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Priyanka T V
Date: 13-01-2022 16:50:14
Reason: Approved
സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്